## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 214** **10-12-2012-ൽ മറുപടിയ്ക്ക്**

## ദേശീയ ഗെയിംസ്

**ചോദ്യം**

**ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി**
**ശ്രീ.കെ.അച്ചുതൻ**
**ശ്രീ.അൻവർ സാദത്ത്**
**ശ്രീ.വി.പി.സജീന്ദ്രൻ**

(എ) ദേശീയ ഗെയിംസ് നടത്തുവാൻ എന്തെല്ലാം തയ്യാറെടുപ്പുകളാണ് നടത്തിയിട്ടുള്ളത് ;

(ബി) എന്നാണ് ദേശീയ ഗെയിംസ് തുടങ്ങുന്നത് ;

(സി) ഗെയിംസ് നടത്തുന്ന വേദികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എത്ര എണ്ണം പൂർത്തിയായിട്ടുണ്ട്.

(ഡി) പൂർത്തിയാക്കുന്ന വേദികളുടെ നിർമ്മാണ പ്രവൃത്തി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ?

**മറുപടി**

**ശ്രീ.കെ.ബി.ഗണേഷ്കുമാർ**
**(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)**

(എ) ഇതിനോടനുബന്ധിച്ച് 13 മത്സര വേദികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. ഇതോടൊപ്പം മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനായി 10 പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. കൂടാതെ, പ്രീ ഫാബ്രിക്കേറ്റഡ് ടെക്നോളജിയിൽ സൗകര്യപ്രദമായ സ്ഥലത്ത് ഗെയിംസ് വില്ലേജ് നിർമ്മിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നാഷണൽ ഗെയിംസ് ഓർഗനൈസിംഗ് കമ്മിറ്റി പുന:സംഘടിപ്പിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) തീയതി നിശ്ചയിച്ചിട്ടില്ല.

(സി) വേദികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

(ഡി) ഉണ്ട്. കിറ്റ്കോ, ബി.എസ്.എൻ.എൽ എന്നീ കൺസൾട്ടന്റുമാർ മുഖേനയാണ് ഇതിന്റെ നിർമ്മാണപ്രവൃത്തികൾ നടത്തിവരുന്നത്.

സെക്ഷൻ ഓഫീസർ